# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1566

07.06.2018-ൽ മറുപടിക്ക്

### ഓഖി ദുരിതത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ആർ.സുനിൽകുമാർ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരിതത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനോടൊപ്പം പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽതന്നെയുള്ള കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവരിൽ വള്ളവും വലയും നഷ്ടപ്പെട്ടവർക്കുകൂടി സഹായം നൽകാൻ നടപടി സ്വീകരിക്കുമോ; | (എ) | കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവരിൽ ഓഖി ദുരന്തത്തിൽപ്പെട്ട് നാശനഷ്ടം സംഭവിച്ചവർ ഉണ്ടെങ്കിൽ നഷ്ടപരിഹാരം നൽകുന്നതാണ്. |
| (ബി) | സാങ്കേതികമായി മത്സ്യത്തൊഴിലാളി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ മുടങ്ങിക്കിടക്കുന്ന ധാരാളം മത്സ്യത്തൊഴിലാളികൾക്കും നഷ്ടം സംഭവിച്ചിട്ടുള്ളതിനാൽ അവർക്കുകൂടി സഹായമെത്തിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | സാങ്കേതികമായി മത്സ്യത്തൊഴിലാളി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ മുടങ്ങിക്കിടക്കുന്ന മത്സ്യത്തൊഴിലാളികളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ